LIBRARY ARCHIVES Kerala Legislative Assembly

**ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമി റീസർവ്വേ നടപടികൾ**

167 (1245) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള (എച്ച്.എം.പി.എൽ) ഭൂമിയുടെ റീ-സർവ്വേ നടപടികൾ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചു ; അതിൽ എത്ര ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ ഭൂമി പ്രത്യേകമായി റീ-സർവ്വേ നടത്തിയിട്ടില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ ഭൂമിയുടെ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളുടെ റീസർവ്വേ നടപടികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചുവെങ്കിലും റീസർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല. റീ-സർവ്വേ നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ഭൂമിക്ക് വേണ്ടിമാത്രം ചെലവായ തുക കണക്കാക്കപ്പെട്ടിട്ടില്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശമുള്ള സർക്കാർ ഭൂമി ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിലേക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനത്തിനായി 20,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ഭൂനികുതി ഓൺലൈനായി അടയ്ക്കൽ**

168 (1246) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. മുഡി മ്യയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?